# N.S.N.S.M. PRIVATE ITI

N. SREEKANTAN NAIR SHASHTYABDAPOORTHI MEMORIAL
PRIVATE INDUSTRIAL TRAINING INSTITUTE
(കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സ്ഥിരാംഗീകാരമുള്ളത്)

ചവറ

ഫോൺ : 0476 - 2680373

# PROSPECTUS

"Desire is of Various kinds good, bad and feasible, The kind should harbour only that which is good and possible of realisation"

- Mahatma Gandhi

സാങ്കേതിക മേഖലയിൽ തൊഴിൽ പരിശീലനം നൽകി യുവജനങ്ങളെ സ്വദേശത്തും വിദേശത്തും തൊഴിൽ നേടുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടുകൂടി 1978ൽ സ്ഥാപിതമായ ഈ സ്ഥാപനം NCVT നടത്തുന്ന ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുവാൻ വിവിധ ട്രേഡുകളിൽ വേണ്ടത്ര പരിശീലനം നൽകിക്കൊണ്ട് 3 ദശാബ്ദങ്ങൾ പിന്നിട്ടിരിക്കുന്നു. തൊഴിൽ പരിശീലനരംഗത്ത് ഞങ്ങൾ ഇക്കാലമത്രയും വേണ്ടത്ര നിലവാരം പുലർത്തിയിട്ടുണ്ട്. പ്രായോഗിക പരിശീലനം നേടുന്നതിൽ ഇവിടുത്തെ പരിശീലകർ എന്നും മുൻപിലാണ്. അതുകൊണ്ടുതന്നെ വ്യവസായസ്ഥാപനങ്ങളിൽ നിയമനം ലഭിക്കുന്നതിന് ഇവിടെനിന്നും പരിശീലനം പൂർത്തിയാക്കിയ പരിശീലകർക്ക് പ്രത്യേക പരിഗണന ലഭിക്കാറുമുണ്ട്. തികഞ്ഞ അച്ചടക്കവും ക്രമമായ പ്രവർത്തനങ്ങളും ഈ സ്ഥാപനത്തിന്റെ പ്രത്യേകതയാണ്.

# പരിശീലനം നൽകുന്ന ട്രേഡുകൾ

| ട്രേഡ് | NCVT അംഗീകരിച്ച യൂണിറ്റുകൾ | വിദ്യാഭ്യാസയോഗ്യത | കാലാവധി |
|---|---|---|---|
| **മെട്രിക് ട്രേഡുകൾ** | | | |
| 1. ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 2+2 | SSLC പരീക്ഷ ജയിച്ചിരിക്കണം | 2 വർഷം |
| 2. ഇലക്ട്രീഷ്യൻ | 2+2 | ,, | ,, |
| 3. ഇലക്ട്രോണിക് മെക്കാനിക് | 2+2 | ,, | ,, |
| 4. ഫിറ്റർ | 2+2 | ,, | ,, |
| 5. മെക്കാനിക് (ഡീസൽ) | 4 | ,, | 1 വർഷം |
| **നോൺ മെട്രിക് ട്രേഡ്** | | | |
| 6. പ്ലംബർ | 2 | SSLC പരീക്ഷ തോറ്റവർക്കും അപേക്ഷിക്കാം | 1 വർഷം |

## 1. ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)

മനുഷ്യന് അത്യന്താപേക്ഷിതമായ ഒന്നാണ് പാർപ്പിടം. പഴയ കൂട്ടുകുടുംബശൈലി മാറി കൊച്ചുകൊച്ചു കുടുംബങ്ങളായി താമസിക്കുന്ന ഈ കാലയളവിൽ നിർമ്മാണ പ്രവർത്തന മേഖലകളിൽ പ്ലാനും എസ്റ്റിമേറ്റും തുടങ്ങി നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും പരിചയസമ്പന്നരായ ഡ്രാഫ്റ്റ്സ്മാന്മാരുടെ ആവശ്യവും ഏറിവരികയാണ്. നിർമ്മാണമേഖലകളിൽ വിദേശത്തും സ്വദേശത്തും ജോലി ലഭിക്കുവാനുതകുന്ന ഒരു ട്രേഡ് കൂടിയാണിത്. ചെറുതും വലുതുമായ വ്യാവസായിക രംഗത്തും മറ്റെല്ലാ രംഗങ്ങളിലും പ്രാരംഭ നടപടികൾ തുടങ്ങുന്നതിനും ഡ്രാഫ്റ്റ്സ്മാൻ ആവശ്യമാണ്.

## 2. ഇലക്ട്രീഷ്യൻ

ജീവിതനിലവാരം ഉയർന്നുവരുന്ന ഈ കാലഘട്ടത്തിൽ ഇലക്ട്രിസിറ്റിയും ഇലക്ട്രിക്കൽ ഉപകരണങ്ങളും മനുഷ്യജീവിതത്തിൽ ഒഴിവാക്കാൻപറ്റാത്ത ഒരവസ്ഥ സംജാതമായിരിക്കുന്നു. ഇത്തരം ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും റിപ്പയർചെയ്യുന്നതിനും നല്ല പരിശീലനം ലഭിച്ചിട്ടുള്ള ഇലക്ട്രീഷന്മാരുടെ ആവശ്യം ഏറിവരുന്നു. തന്മൂലം സ്വയം തൊഴിൽ കണ്ടെത്തുന്നതിനും നാട്ടിലും വിദേശത്തും ജോലി ലഭിക്കുന്നതിനും ഈ ട്രേഡിൽ പരിശീലനം നേടുന്നതിലൂടെ സാദ്ധ്യമാകുന്നു.

## 3. ഇലക്ട്രോണിക് മെക്കാനിക്ക്

ഈ നൂറ്റാണ്ടിനെ പുതിയ ജീവിതശൈലിയിലേക്ക് മാറ്റുവാൻ ഇലക്ട്രോണിക് മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ നമ്മുടെ ജീവിതത്തിന്റെ കൃത്യതയും സൂക്ഷ്മതയും വർദ്ധിപ്പിച്ചു. സങ്കൽപ്പങ്ങൾക്കതീതമായി ജീവിതമേഖലകളെ കീഴടക്കിക്കൊണ്ട് കമ്പ്യൂട്ടർ രംഗത്തുവരെ ഈ മേഖല വളർന്നിരിക്കുന്നു. ഈ രംഗത്ത് അറിവും കഴിവും നേടുവാനും സ്വയംതൊഴിൽ കണ്ടെത്തുവാനും വിദേശത്തും സ്വദേശത്തും ജോലി ലഭിക്കുവാനും സഹായകമാണ് ഈ ട്രേഡ്.

## 4. ഫിറ്റർ

വ്യാവസായികമേഖലകളിൽ ഏറെ ജോലിസാദ്ധ്യത യുള്ള ഒരു ബ്രാഞ്ചാണ് ഫിറ്റർ. ഏതൊരു ഫാക്ടറിയിലും ഒഴിവാക്കാൻപറ്റാത്ത ഒരു തസ്തികയാണ് ഫിറ്റർ. വ്യാവ സായികമായും വളരെ പുരോഗമിക്കുവാൻ സാദ്ധ്യതയുള്ള ഈ പ്രദേശത്തെ വ്യവസായ സ്ഥാപനങ്ങളായ IRE, KMML എന്നി വയുടെ വിപുലീകരണം വഴി വളരെ കൂടുതൽ ഒഴിവുകൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള ഒരു തസ്തികയാണ് ഫിറ്റർ. അതു പോലെതന്നെ വിദേശത്തും തൊഴിൽസാദ്ധ്യതയുള്ള ഒരു ട്രേഡുകൂടിയാണ് ഇത്.

## 5. മെക്കാനിക് (ഡീസൽ)

മോട്ടോർവാഹനരംഗത്തും മറ്റും ഡീസൽ എഞ്ചിനു കളുടെ കടന്നുവരവ് അധികരിച്ചിരിക്കുന്ന ഈ കാലയളവിൽ വേണ്ടത്ര പരിശീലനം ലഭിച്ച മെക്കാനിക്കുകളുടെ ആവശ്യം ഏറെയാണ്. ജോലിസാദ്ധ്യത കുറവുവരാത്ത ഈ മേഖലയിൽ വേണ്ടത്ര പരിശീലനം ലഭിച്ച മെക്കാനിക്കുകളുടെ എണ്ണം വളരെ വിരളമാണ്. സ്വദേശത്തോ വിദേശത്തോ തൊഴിൽനേ ടുന്നതിനും സ്വയം തൊഴിൽ നേടുന്നതിനും ഈ ട്രേഡ് സഹാ യകമാണ്.

## 6. പ്ലംബർ

ഉയർന്നുവരുന്ന ജീവിതനിലവാരത്തിൽ പാർപ്പിടം പോലെതന്നെ അതിലെ പ്ലംബിംഗ്, സാനിട്ടേഷൻ എന്നിവയും വളരെ ആവശ്യമായിവരുന്നു. കുടിവെള്ള പദ്ധതികളും മറ്റും മുൻകാലങ്ങളെ അപേക്ഷിച്ച് കൂടിവരുന്ന ഈ സാഹചര്യ ത്തിൽ പരിചയസമ്പന്നരായ പ്ലംബർമാരുടെ ആവശ്യം കൂടു തലാണ്. ഒരു വർഷം കൊണ്ട് ഒരു NCVT സർട്ടിഫിക്കറ്റ് നേടു ന്നതിനും ഉപജീവനത്തിനായി സ്വയംതൊഴിൽ കണ്ടെത്തുന്ന തിനും സഹായകമായ ഒരു ട്രേഡാണ് പ്ലംബർ. വിദേശത്തും സ്വദേശത്തും ജോലിസാദ്ധ്യതയും ഏറെയാണ്.

## 1. യോഗ്യത

മെട്രിക് ട്രേഡുകളിൽ അഡ്മി.ൻ ലഭിക്കുന്നതിന് SSLC യോ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കേണ്ടതാണ്. നോൺ മെട്രിക് ട്രേഡുകളിൽ SSLC/തത്തുല്യ പരീക്ഷ തോറ്റ വർക്കും അഡ്മിഷൻ ലഭിക്കുന്നതാണ്.

## 2. പ്രായപരിധി

i) NCVT കോഴ്സുകൾ ആരംഭിക്കുന്ന ആഗസ്റ്റ് മാസം ഒന്നാം തീയതി 14 വയസ്സ് പൂർത്തിയാകുകയും 40 വയസ്സ് തിക യാൻ പാടില്ലാത്തതുമാകുന്നു.

ii) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ 5 വർഷത്തെ ഇളവ് ലഭിക്കു ന്നതാണ്.

## 3. അഡ്മിഷൻ

i) അപേക്ഷകർ സ്ഥാപനത്തിൽനിന്നും പ്രവേശനത്തിനുള്ള അപേക്ഷാഫാറം വാങ്ങി പൂരിപ്പിച്ച് നിശ്ചിത സമയ ത്തിനുള്ളിൽ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ii) ജനനത്തീയതി, ജാതി, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്നതിന് SSLC/തത്തുല്യ പരീക്ഷാ സർട്ടിഫി ക്കറ്റിന്റെ ബന്ധപ്പെട്ട പേജുകളുടെ ശരിപ്പകർപ്പ് അപേ ക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്. ഇപ്രകാരം സമർപ്പി ക്കുന്ന ശരിപ്പകർപ്പുകൾ ഗസറ്റഡ് ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.

iii) അപേക്ഷ വിശദമായി പരിശോധിച്ചശേഷം അർഹരായ അപേക്ഷകരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുന്നതാണ്. കൂടിക്കാഴ്ച സമയത്ത് അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജ രാക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ. അനുവദിച്ച സീറ്റുകളുടെ മൂന്നിരട്ടി അപേക്ഷകരെ മാത്രമെ കൂട്ടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയുള്ളൂ.

iv) അഡ്മിഷൻ ലഭിക്കുന്നവർ അഡ്മിഷൻ തീയതിയിൽ TC/ യും SSLC ബുക്കും ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. അന്നേദിവസം TC ഹാജരാക്കാതെ യാതൊരു കാരണ വശാലും അഡ്മിഷൻ ലഭിക്കുന്നതല്ല.

## 4. ആനുകൂല്യങ്ങൾ

ഗവൺമെന്റിന്റെ കാലാകാലങ്ങളിലുള്ള നിബന്ധന കൾക്ക് വിധേയമായി ഈ സ്ഥാപനത്തിലെ പരിശീലകർക്ക് KSRTC, റെയിൽവേ, പ്രൈവറ്റ് ബസ് എന്നിവയിൽ യാത്രാനു കൂല്യം ലഭിക്കുന്നതാണ്.

പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗത്തിൽപ്പെടുന്ന പരിശീലകർക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നും സ്റ്റൈപ്പെന്റും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതാണ്. ഡിപ്പാർട്ട്മെന്റിന്റെ അനുമതി ലഭിച്ചിട്ടുള്ള ഫിറ്റർ, ഇലക്ട്രീഷ്യൻ, മെക്കാനിക് ഡീസൽ എന്നീ ട്രേഡുകളിൽ മാത്രമേ ഈ ആനുകൂല്യം നിലവിലുള്ളൂ.

## 5. ഉടമ്പടി

അഡ്മിഷൻ ലഭിക്കുന്ന പരിശീലകനും അയാളുടെ പിതാവ്/മാതാവ്/രക്ഷാകർത്താവും കൂട്ടായി ഈ സ്ഥാപനത്തിലെ പെരുമാറ്റച്ചട്ടങ്ങൾ പാലിക്കുന്നതാണെന്ന് കാണിക്കുന്ന ഒരു ഉടമ്പടി സ്റ്റാമ്പ് പേപ്പറിൽ എഴുതി സമർപ്പിക്കേണ്ടതാണ്.

## 6. നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്

ITI കോഴ്സുകളിൽ 80% ൽ കുറയാതെ ഹാജരോടുകൂടി പരിശീലനം പൂർത്തിയാകുന്നവർ NCVT നടത്തുന്ന അഖിലേന്ത്യാ പരീക്ഷയ്ക്ക് ഇരിക്കുവാൻ അർഹരാകുന്നതും ഈ പരീക്ഷയിൽ വിജയിക്കുന്നവർക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്.

## 7. പെരുമാറ്റ ചട്ടങ്ങൾ

### 1. യൂണിഫോം

i) പാദരക്ഷകളും നിർദ്ദിഷ്ട യൂണിഫാറവും കാമ്പസിലും ക്ലാസ്സിലും വർക്ക്ഷോപ്പുകളിലും നിർബന്ധമായും ധരിക്കേണ്ടതാണ്.

ii) പരിശീലകർ പൊതുവായ യൂണിഫാറം ധരിച്ചുകൊണ്ടല്ലാതെ ഇൻസ്റ്റിറ്റ്യൂട്ടിൽ വരുവാൻ പാടുള്ളതല്ല.

### 2. പ്രവർത്തന സമയം

i) ഒന്നാം വർഷ ക്ലാസ്സുകൾ രാവിലെ 9 മണിമുതൽ വൈകിട്ട് 5 മണിവരെയും രണ്ടാംവർഷ ക്ലാസ്സുകൾ രാവിലെ 7 മണി മുതൽ വൈകിട്ട് 3 മണിവരെയും ആയിരിക്കും.

ii) മെക്കാനിക് ഡീസൽ 2 യൂണിറ്റുവീതവും പ്ലംബർ ഒരു യൂണിറ്റുവീതവും രണ്ട് ഷിഫ്റ്റിലായിട്ടായിരിക്കും ക്ലാസ്സുകൾ നടത്തുന്നത്.

iii)വെക്കേഷൻ ഇല്ലാതെ എല്ലാ പ്രവർത്തിദിവസവും ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്.

### 3. മാസാന്ത്യ പരീക്ഷ

എല്ലാ മാസവും അവസാനത്തെ 2 പ്രവർത്തിദിവസങ്ങളിൽ മാസാന്ത്യപരീക്ഷ നടത്തുന്നതാണ്. പ്രോഗ്രസ്സ് കാർഡ് മാസംതോറും രക്ഷാകർത്താക്കൾക്ക് പോസ്റ്റിൽ അയച്ചുതരുന്നതാണ്.

മാസാന്ത്യപരീക്ഷ കൃത്യമായും എഴുതേണ്ടതാണ്. പങ്കെടുക്കാൻ കഴിയാതെ വന്നാൽ രക്ഷാകർത്താവ് നേരിൽ അതിനുള്ള കാരണം അറിയിക്കേണ്ടതാണ്. ഉത്തരക്കടലാസുകൾ പരിശോധിച്ച് പരിശീലകൻവശം കൊടുത്തുവിടുമ്പോൾ അവ രക്ഷാകർത്താക്കൾ ഒപ്പിട്ട് തിരികെ ഏൽപ്പിക്കേണ്ടതാണ്. ഇവ സെക്ഷനിൽ സൂക്ഷിക്കുന്ന അവരുടെ ഫയലിൽ സൂക്ഷിക്കാനുള്ളതാണ്.

### 4. നിർബന്ധിത ഹാജർനിലവാരം

1. എല്ലാ ദിവസവും കൃത്യസമയത്തുതന്നെ ക്ലാസിൽ ഹാജരാകേണ്ടതാണ്. പതിവായും അകാരണമായും താമസിച്ചുവരുന്നവർക്ക് ഹാജരും ക്ലാസ്സും നഷ്ടപ്പെടുന്നതായിരിക്കും.
2. തുടർച്ചയായി 10 ദിവസത്തിൽ കൂടുതൽ മുന്നറിയിപ്പില്ലാതെയും പ്രിൻസിപ്പാളിന്റെ അനുമതികൂടാതെയും ക്ലാസ്സിൽ ഹാജരാകാതിരുന്നാൽ പരിശീലകനെ വിടുതൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
3. ഏതെങ്കിലും കാരണവശാൽ അവധി ആവശ്യമായിവന്നാൽ മുൻകൂട്ടി അവധി അപേക്ഷ സർപ്പിക്കേണ്ടതാണ്. അവധിക്കുള്ള അപേക്ഷ രക്ഷാകർത്താവ് സാക്ഷ്യപ്പെടുത്തിയിരിക്കണം. അഥവാ മുൻകൂട്ടി അവധി അപേക്ഷ സമർപ്പിക്കാൻ കഴിയാതെ വന്നാൽ അടുത്ത ദിവസം ക്ലാസ്സിൽ വരുമ്പോൾ അവധിഅപേക്ഷ കൊണ്ടുവരേണ്ടതാണ്.
4. ഹാജർനിലവാരം 50% ത്തിൽ താഴെയായാൽ പരിശീലകനെ ക്ലാസ്സിൽ തുടരാൻ അനുവദിക്കുന്നതല്ല.
5. NCVT നടത്തുന്ന ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് 80% ഹാജർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും ഹാജർ കുറവായാൽ പരീക്ഷയ്ക്ക് ചേരുവാൻ സാധിക്കാതെ വരുന്നതുമാണ്. അതിനാൽ ഹാജർ കുറയാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം.
6. എല്ലാ മാസവും 5–ാം തീയതിക്ക് മുമ്പായി അതാതുമാസത്തെ ഫീസ് പിഴകൂടാതെ 10–ാം തീയതിവരെ 1 രൂപയും 20–ാം തീയതിവരെ 2 രൂപയും 30–ാം തീയതിവരെ 5 രൂപയും പിഴയോടുകൂടിയും അടയ്ക്കേണ്ടതാണ്. അതിനുശേഷം ഫീസ് അടയ്ക്കാത്ത പരിശീലകർക്ക് ഹാജരും ക്ലാസ്സും നഷ്ടപ്പെടുന്നതായിരിക്കും.
7. ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. ഏതെങ്കിലും കാരണവശാൽ പഠനം പൂർത്തിയാക്കാതെ പിരിഞ്ഞുപോയാൽ പ്രോസ്പക്ടസ് പ്രകാരമുള്ള മുഴുൻ ഫീസും അടയ്ക്കേണ്ടതാണ്. അതിനുശേഷം മാത്രമേ SSLC ബുക്ക്, TC എന്നിവ തിരികെ ആവശ്യപ്പെടാൻ അർഹതയുണ്ടാവുകയുള്ളൂ.

8. SSLC ബുക്ക് ഓഫീസിൽ ഏൽപ്പിക്കുന്നതിന് മുമ്പായി ആവശ്യാനുസരണം കോപ്പി എടുത്ത് ഗസറ്റഡ് ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതാണ്.

9. നിശ്ചിത സമയത്ത് നിശ്ചിത പരീക്ഷാഫീസ് അടയ്ക്കുന്നതിന് പരിശീലകൻ ബാദ്ധ്യസ്ഥരാണ്.

10. സ്വന്തം സാധനസാമഗ്രികൾ അവരവർ തന്നെ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. പ്രത്യേകിച്ചും സൈക്കിൾ കൊണ്ടുവരന്നവർ അത് പൂട്ടി സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവ നഷ്ടപ്പെടുകയോ മറ്റോ ചെയ്താൽ സ്ഥാപനത്തിന് യതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് കോമ്പൗണ്ടിൽ ഇരുചക്രവാഹനങ്ങളിൽ സവാരി പാടില്ലാത്തതും അവ നിർദ്ദിഷ്ട സ്ഥലങ്ങളിൽ നിർദ്ദേശപ്രകാരം സൂക്ഷിക്കേണ്ടതുമാണ്.

11. അനാവശ്യമായി സ്ഥാപനപരിരത്തോ റോഡിലോ അലഞ്ഞുതിരിയുകയോ കൂട്ടംകൂടി നിൽക്കുകയോ മറ്റ് പരിശീലകർക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രവർത്തികൾ ചെയ്യുകയോ പാടില്ല.

12. ക്ലാസ്സിൽ തികഞ്ഞ അച്ചടക്കം പാലിക്കേണ്ടതും ഇൻസട്രക്ടർമാരുടെ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതുമാണ്.

13. ഇൻസ്റ്റിറ്റ്യൂട്ട് വക സാധനസാമഗ്രികൾക്ക് നാശനഷ്ടങ്ങൾ വരാതെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യേണ്ടതും ആരെങ്കിലും അവയ്ക്ക് നാശം വരുത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടാൽ ആ വിവരം ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതുമാണ്. ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആരോപണവിധേയനായ പരിശീലകന്റെമേൽ നടപടി എടുക്കുന്നതും കുറ്റം തെളിഞ്ഞാൽ വിടുതൽ ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും.

14. പൊതു ഗതാഗതസൗകര്യങ്ങൾ ഉപയോഗിച്ച് സ്ഥാപനത്തിൽ വരുന്ന പരിശീലകർ പ്രസ്തുത വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ മറ്റ് യാത്രക്കാർക്ക് അസൗകര്യം സൃഷ്ടിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

15. പൊതുവേ നമ്മുടെ സ്ഥാപനത്തിലെ അച്ചടക്കത്തെപ്പറ്റി സമൂഹത്തിലുള്ള മതിപ്പ് നഷ്ടപ്പെടാതിരിക്കത്തക്കവിധത്തിൽ മറ്റുള്ളവരോട് മര്യാദയോടെ പെരുമാറുവാൻ ശ്രദ്ധിച്ചിരിക്കണം.

പ്രിൻസിപ്പാൾ

"A man who belives whole - heartedly in something, even if it be absolutely improper, for him it shall be right and proper"

-Mahatma Gandhi